REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-04-2026 സമയം 12..30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ദക്ഷിണ കൊറിയൻ പ്രസിഡണ്ട് ലീ ജെ മ്യൂങ്ങുമായി ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച ആരംഭിച്ചു.**
- **പശ്ചിമ ബംഗാളിലും, തമിഴ്നാട്ടിലും നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം നാളെ അവസാനിക്കും.**
- **സംസ്ഥാനത്ത് ഇന്നും കനത്ത പകൽച്ചൂട്. പാലക്കാട് അടക്കം ജില്ലകളിൽ ഉഷ്ണതരംഗത്തിന് സമാനമായ ചൂട്.**
- **തൃശൂർ പൂരത്തിന് കൊടിയേറി.**
- **IPL ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, മുംബൈ ഇന്ത്യൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ദക്ഷിണ കൊറിയൻ പ്രസിഡണ്ട് ലീ ജെ മ്യൂങ്ങുമായി ന്യൂഡൽഹിയിൽ ചർച്ച ആരംഭിച്ചു. ഉഭയകക്ഷി ബന്ധങ്ങൾ ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ ഇരുനേതാക്കളും ചർച്ച ചെയ്യും.

നേരത്തെ രാഷ്ട്രപതി ഭവനിൽ ലീയ്ക്ക് ആചാരപരമായ വരവേൽപ്പ് നൽകി. രാജ്ഘട്ടിലെ ഗാന്ധി സ്മൃതിയിൽ പുഷ്പാർച്ചന നടത്തിയ ശേഷമാണ് പ്രസിഡന്റും പത്നിയും രാഷ്ട്രപതി ഭവനിലെത്തിയത്. വൈകിട്ട് രാഷ്ട്രപതി ദ്രൗപതി മുർമുവുമായും ലീ കൂടിക്കാഴ്ച നടത്തും.

ഇന്നലെ വിദേശകാര്യമന്ത്രി ഡോ. S ജയശങ്കറുമായി അദ്ദേഹം ചർച്ച നടത്തിയിരുന്നു. മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് ഇന്നലെയാണ് ലീ ഡൽഹിയിലെത്തിയത്.

✪✪✪

ഇന്ത്യ- അമേരിക്ക നിർദ്ദിഷ്ട ഉഭയകക്ഷി വ്യാപാര കരാർ ചർച്ചയുടെ ആദ്യഘട്ടം ഇന്ന് പുനഃരാരംഭിക്കും. 22 വരെ വാഷിംഗ്ടൺ DC-യിലാണ് ചർച്ച. വാണിജ്യവകുപ്പ് അഡീഷണൽ സെക്രട്ടറി ദർപ്പൺജയിൻ ഇന്ത്യൻ സംഘത്തിന് നേതൃത്വം നൽകും. നാല് മാസത്തെ വെർച്വൽ ചർച്ചകൾക്ക് ശേഷമാണ് ഇന്ത്യ - US സംഘങ്ങൾ മുഖാമുഖം ചർച്ച നടത്തുന്നത്.

✪✪✪

വനിതാ സംവരണ ബിൽ തടഞ്ഞതിന്റെ പ്രത്യാഘാതങ്ങൾ പ്രതിപക്ഷം നേരിടേണ്ടിവരുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു. ബിൽ വിഷയത്തിൽ ഗവൺമെന്റിന്റെ പ്രതിബദ്ധത അദ്ദേഹം ന്യൂഡൽഹിയിൽ ആവർത്തിച്ചു. ഇക്കാര്യത്തിൽ തുടർശ്രമങ്ങൾ നടത്തുമെന്നും റിജിജു പറഞ്ഞു.

✪✪✪

വനിതാ സംവരണ ബിൽ പാസ്സാക്കാൻ സാധിക്കാത്തതിൽ പ്രതിഷേധിച്ച് മധ്യപ്രദേശിലെ ഭോപ്പാലിൽ രാവിലെ BJP, സ്ത്രീകളുടെ ആക്രോശ് റാലി സംഘടിപ്പിച്ചു. 30,000 ത്തോളം സ്ത്രീകൾ റാലിയിൽ പങ്കെടുത്തു. മധ്യപ്രദേശ് മുഖ്യമന്ത്രി ഡോ.മോഹൻ യാദവ്, BJP സംസ്ഥാന പ്രസിഡന്റ് ഹേമന്ത് ഖണ്ഡേൽവാൾ, വനിതാ മന്ത്രിമാർ തുടങ്ങിയവർ റാലിയിൽ പങ്കെടുത്തു.

✪✪✪

ബസവ ജയന്തി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഭഗവാൻ ബസവേശ്വരന് സ്മരണാഞ്ജലി അർപ്പിച്ചു. നീതിയുക്ത സമൂഹമെന്ന അദ്ദേഹത്തിന്റെ ദർശനവും അചഞ്ചലമായ ശാക്തീകരണ ശ്രമങ്ങളും എപ്പോഴും പ്രചോദനമായി നിലനിൽക്കുമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പശ്ചിമ ബംഗാളിലും, തമിഴ്നാട്ടിലും നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം നാളെ വൈകിട്ട് അവസാനിക്കും. രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ ഇന്നലെ റാലികളും റോഡ് ഷോകളും നടത്തി.

ബിജെപി അധ്യക്ഷൻ നിതിൻ നബിൻ ഇന്ന് പുർബ മേദിനിപൂരിൽ പൊതുയോഗങ്ങളിലും റോഡ് ഷോകളിലും പങ്കെടുക്കും. കേന്ദ്രമന്ത്രി J.P.നദ്ദ മുർഷിദാബാദിലും ബങ്കുരയിലും പൊതുയോഗങ്ങളിൽ പങ്കെടുക്കും,

കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് ബിർഭും ജില്ലയിൽ പൊതുയോഗങ്ങളിലും റോഡ് ഷോയിലും പങ്കെടുക്കും.

തമിഴ്നാട്ടിൽ കേന്ദ്രമന്ത്രിമാരായ അമിത് ഷായും രാജ്നാഥ് സിങ്ങും പ്രചാരണ പര്യടനത്തിൽ സജീവമാണ്. ചെന്നൈയിലെ മൈലാപ്പൂരിൽ ഇവർ റാലിയെ അഭിസംബോധന ചെയ്തു. റോഡ് ഷോയിലും അവർ പങ്കെടുത്തു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ഹൊസൂരിൽ പൊതുയോഗത്തിൽ പങ്കെടുത്തു.

ഈ മാസം 23-നാണ് പശ്ചിമ ബംഗാളിലെ ആദ്യഘട്ട വോട്ടെടുപ്പ്. തമിഴ്നാട്ടിൽ ഒരു ഘട്ടമായും അന്ന് പോളിംഗ് നടത്തും.

✪✪✪

പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ടത്തിലെ വോട്ടർമാരുടെ ഔദ്യോഗിക കണക്കുകൾ തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിട്ടു. കണക്കനുസരിച്ച് മൂന്ന് കോടി 60 ലക്ഷത്തി 77 ആയിരത്തി 171 വോട്ടർമാരാണ് ഈ ഘട്ടത്തിൽ സമ്മതിദാനാവകാശം വിനിയോഗിക്കാൻ അർഹത നേടിയിരിക്കുന്നത്.

അഞ്ച് ലക്ഷത്തോളം പുതിയ വോട്ടർമാരാണ് പട്ടികയിൽ ഇടം പിടിച്ചത്. സമാധാനപരമായ വോട്ടെടുപ്പ് ഉറപ്പാക്കുന്നതിന് സുരക്ഷാ സജ്ജീകരണങ്ങൾ, വോട്ടർസഹായ സംവിധാനങ്ങൾ, പോളിംഗ് ലോജിസ്റ്റിക്സ് എന്നിവ തിരഞ്ഞെടുപ്പ് അധികൃതർ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണ്.

✪✪✪

ഒമാൻ കടലിൽ വാണിജ്യ കപ്പൽ അമേരിക്ക ആക്രമിച്ച് പിടിച്ചെടുത്തെന്നും ഇത് വെടിനിർത്തൽ ലംഘനവും കടൽക്കൊള്ളയുമാണെന്നും ഇറാൻ സൈനിക ആസ്ഥാനം അറിയിച്ചു. ഹോർമുസ് കടലിടുക്കിൽ വർദ്ധിച്ചുവരുന്ന സംഘർഷങ്ങൾക്കിടയിലാണ് അമേരിക്കയുടെ ഈ നീക്കം.

✪✪✪

കേന്ദ്ര ഗവൺമെന്റ് വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ്ടോപ്പുകൾ നൽകുന്നുവെന്ന തരത്തിൽ പ്രചരിക്കുന്ന സന്ദേശം വ്യാജമാണെന്ന് PIB വ്യക്തമാക്കി. പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ യൂണിറ്റാണ് ഇക്കാര്യം അറിയിച്ചത്. അത്തരമൊരു പരസ്യമോ പദ്ധതിയോ ഇല്ലെന്നും PIB അറിയിച്ചു.

✪✪✪

തമിഴ്നാട്ടിലെ വിരുദുനഗർ പടക്ക നിർമ്മാണ ശാലയിലെ സ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം 25 ആയി. മരിച്ചവരിൽ 22 പേർ സ്ത്രീകളും 3 പേർ പുരുഷന്മാരുമാണ്.

സ്ഫോടനത്തിൽ മരിച്ചവരുടെ കുടുംബങ്ങളെ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി , ആഭ്യന്തരമന്ത്രി അമിത് ഷാ, തമിഴ്നാട് മുഖ്യമന്ത്രി MK സ്റ്റാലിൻ തുടങ്ങിയവർ അനുശോചനം അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ഈ മാസം 24 വരെ ജനങ്ങൾക്ക് അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

മൻ കി ബാത്തിന്റെ 133-ാം പതിപ്പ് ഈ മാസം 26-ന് പ്രക്ഷേപണം ചെയ്യും.

✪✪✪

സംസ്ഥാനത്ത് ഇന്നും കനത്ത പകൽച്ചൂട്. പാലക്കാട് അടക്കം ജില്ലകളിൽ ഉഷ്ണതരംഗത്തിന് സമാനമായ ചൂട് അനുഭവപ്പെടുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ 40 ഡിഗ്രിയോട് അടുത്ത് പകൽ താപനില പാലക്കാട്ട് രേഖപ്പെടുത്തിയിരുന്നു.

ഇന്ന് പാലക്കാട് 40 ഉം കൊല്ലം ജില്ലയിൽ 39 ഉം, കോട്ടയം ജില്ലയിൽ 38 ഉം , ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ 37 ഉം തിരുവനന്തപുരം ജില്ലയിൽ 36 ഉം ഡിഗ്രി സെൽഷ്യസ് വരെ ചൂട് അനുഭവപ്പെടാൻ സാധ്യയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇടുക്കി, വയനാട് ഒഴികെ 12 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

കടുത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം വർദ്ധിച്ചു.ഓരോ ദിവസവും വൈദ്യുതി ഉപയോഗത്തിൽ 50 മെഗാവാട്ടോളം വർദ്ധനവാണ് രേഖപ്പെടുത്തുന്നത്. വേണ്ടി വന്നാൽ പുറത്തു നിന്നും അധിക വൈദ്യുതി വാങ്ങി പ്രശ്നം പരിഹരിക്കുമെന്ന് മന്ത്രി K.കൃഷ്ണൻകുട്ടി അറിയിച്ചിരുന്നു. ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ ശ്രമം തുടങ്ങിയതായും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ അടുത്ത അഞ്ചു ദിവസം മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ബുധനാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് വിലയിരുത്തൽ.

✪✪✪

നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും നെഹ്റു യുവകേന്ദ്രയും ചേർന്ന് നടപ്പാക്കുന്ന 'യുവ ആപദാ മിത്ര' പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ സന്നദ്ധപ്രവർത്തക പരിശീലനത്തിന് ഇന്ന് തുടക്കമാകും. കോഴിക്കോട് യൂത്ത് ഹോസ്റ്റലിലാണ് പരിശീലന ക്യാമ്പ്. ഈ മാസം 26 വരെ 250 പേർക്കാണ് പരിശീലനം.

✪✪✪

തൃശൂർ പൂരത്തിന് കൊടിയേറി. തിരുവമ്പാടി പാറമേക്കാവ് വിഭാഗങ്ങൾ പൂരക്കൊടി ഉയർത്തിയതോടെ ഇത്തവണത്തെ തൃശൂർ പൂരത്തിന് അരങ്ങൊരുങ്ങി.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്...

........വോയ്സ്........

തൃശൂരിന് ഇനി ആവേശം സിരകളിൽ പടരുന്ന പൂരക്കാലം. ഇലഞ്ഞിത്തറയിലെ മേളപ്പെരുക്കത്തിനൊപ്പം തെക്കേ ഗോപുരവാതിൽക്കൽ വിരിയുന്ന വർണ്ണവിസ്മയങ്ങൾക്കായി ശക്തന്റെ തട്ടകം കാത്തിരിക്കുന്നു.

ജില്ലയിൽ ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പൂരം വീക്ഷിക്കാനെത്തുന്ന പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ജില്ലാ ഭരണകൂടം നടപടികൾ സ്വീകരിക്കും.

തിരുവമ്പാടി പാറമേക്കാവ് വിഭാഗങ്ങളുടെ പന്തൽ നാട്ടുകർമ്മം നേരത്തെ കഴിഞ്ഞു പന്തൽ പണികൾ തകൃതിയായി നടക്കുകയാണ്. തിരുവമ്പാടി, പാറമേക്കാവ് ക്ഷേത്രങ്ങളിലും എട്ട് ഘടക ക്ഷേത്രങ്ങളിലുമാണ് ഇന്ന്കൊടിയേറ്റം നടക്കുന്നത്

തിരുവമ്പാടി ക്ഷേത്രത്തിൽ രാവിലെ 11നും 11.30 ഇടയിൽ കൊടിയേറ്റചടങ്ങുകൾ നടന്നത് . പാറമേക്കാവ് ക്ഷേത്രത്തിൽ 11.30നാണ് കൊടിയേറ്റ് നടന്നത് . പൂജിച്ച കൊടിക്കൂറ കൊടിമരത്തിൽ കെട്ടി ദേശക്കാർ ചേർന്ന് ഉയർത്തുന്നതാണ് കൊടിയേറ്റ് ചടങ്ങ്.കോടിയേറ്റത്തിനു ശേഷം തിരുവമ്പാടിയുടെയും പാറമേക്കാവിന്റെയും പൂരപ്പതാകകൾ ഉയർന്നു . 24 ന് ഇരു വിഭാഗങ്ങളുടെയും ചമയ പ്രദർശനങ്ങൾക്ക് തുടക്കമാകും.

ഏപ്രിൽ 24നാണ് സാമ്പിൾ വെടിക്കെട്ട്, ഏപ്രിൽ 25ന് പൂര വിളംബര ചടങ്ങുകൾ നടക്കും. 26 നും 27 നും ആണ് പൂര പ്രേമികൾ കാത്തിരിക്കുന്ന വിസ്മയങ്ങൾ ഒളിപ്പിച്ചുവെച്ച തൃശ്ശൂർ പൂരം അരങ്ങേറുക.തെക്കേ ഗോപുരനടയിൽ ആവേശത്തിന്റെ വേലിയേറ്റം സൃഷ്ടിക്കാൻ പൂരപ്രേമികൾ കാത്തിരിക്കുകയാണ്.

✪✪✪

വയനാട് ചൂരൽമല ടൗൺഷിപ്പിലെ വീടുകളിലൊന്നിൽ വിള്ളൽ കണ്ടെത്തിയെന്ന ആരോപണത്തെ തുടർന്ന് ചോർച്ചയുണ്ടോയെന്ന് സ്ഥിരീകരിക്കാൻ സാങ്കേതിക പരിശോധന നടത്തുമെന്ന് മന്ത്രി K.രാജൻ അറിയിച്ചു. ടെറസുകളിൽ വെള്ളം കെട്ടി നിർത്തി ചോർച്ചയുണ്ടോയെന്ന് പരിശോധിക്കുമെന്നും ടെറസുകളിൽ എപ്പോക്സി വാട്ടർ പ്രൂഫിംഗ് നടത്തുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് മുംബൈ ഇന്ത്യൻസിനെ നേരിടും. അഹമ്മദാബാദിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം മറ്റന്നാൾ ജോനാസ്ബർഗിൽ നടത്തും. അഞ്ചു മത്സര പരമ്പരയിൽ രണ്ടെണ്ണം ജയിച്ച് ദക്ഷിണാഫ്രിക്ക മുന്നിലാണ്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് പഞ്ചാബ് FC ഇന്റർകാശിയെ നേരിടും. വൈകിട്ട് ഏഴരക്ക് ന്യൂഡൽഹിയിലാണ് മത്സരം.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് BDS വിദ്യാർത്ഥി നിതിൻരാജിന്റെ മരണത്തെ കുറിച്ച് സ്വതന്ത്ര അന്വേഷണം ആവശ്യപ്പെട്ട് കേരള പുലയർ മഹാസഭ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ സിറ്റി പോലീസ് കമ്മിഷണർ ഓഫീസിലേക്ക് മാർച്ച് നടത്തി. മാർച്ച് പൊലീസ് തടഞ്ഞു. തുടർന്നു പ്രവർത്തകർ റോഡിൽ കുത്തിയിരുന്നു.

മാർച്ച് സംസ്ഥാന ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. ഉന്നത വിദ്യാഭ്യാസ രംഗത്ത് സംഭവിക്കാൻ പാടില്ലാത്തതാണ് അഞ്ചരക്കണ്ടിയിൽ നടന്നതെന്ന് അദ്ദേഹം പറഞ്ഞു. നവോത്ഥാന കേരളത്തിന് നല്ലതാണോ ഇത്തരം പ്രവണതകൾ എന്നും പുന്നല ചോദിച്ചു.

✪✪✪

ലോൺ ആപ്പിൽ നിന്നും വായ്പയെടുത്ത് ഭീഷണി നേരിട്ടതിനെ തുടർന്ന് വീടു വിട്ട വിഷ്ണുവിനെ കണ്ടെത്തി. പയ്യന്നൂർ റെയിൽവേ സ്റ്റേഷനിൽ നിന്നാണ് കോഴിക്കോട് വടകര സ്വദേശിയായ വിഷ്ണുവിനെ കണ്ടെത്തിയത്.

✪✪✪

ലക്ഷദ്വീപിലെ കടമത്ത് ദ്വീപിൽ പുതിയ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.

ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന്റെ സഹായത്തോടെ കവരത്തി പുഷ്പാ ഓർഗനൈസേഷൻ, തൃശൂർ ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്റർ, കടമത്ത് കൃപാ ചാരിറ്റബിൾ സൊസൈറ്റി, SBI കവരത്തി ബ്രാഞ്ച് എന്നിവ സംയുക്തമായാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കിയത്.

കവരത്തി മൾട്ടി പർപ്പസ് ഹാളിൽ സംഘടിപ്പിച്ച പൊതു ചടങ്ങിൽ ലക്ഷദ്വീപ് ആരോഗ്യ വകുപ്പ് ഡയറക്ടർ M. ഭരണി യൂണീറ്റ് ഉദ്ഘാടനം ചെയ്തു..

✪✪✪

*News Editor : ശ്രുതി*
*News Reader: ശരണ്യ രാജൻ*
*News Team: അനിൽ ചന്ദ്രൻ, രജ്ന കെ*
*DEO: സി കെ സുബോധ്*